# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.795** **30.10.2019-ൽ മറുപടിയ്ക്ക്**

## ഹരിപ്പാട് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ കെട്ടിടനിർമ്മാണം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന്റെ കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ഹരിപ്പാട് മണ്ഡലത്തിൽ പള്ളിപ്പാട് വില്ലേജിലെ റീ സർവ്വേ നമ്പർ-1, 2/2, 6/2, 6/3 ഉൾപ്പെട്ട 102 സെന്റ് സ്ഥലം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് അനുയോജ്യമാണെന്ന് ഹരിപ്പാട് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ടി 102 സെന്റ് സ്ഥലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നിന്നും വകുപ്പിലേക്ക് മാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്; | (ബി) & (സി) | സ്ഥലം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നിന്നും പട്ടികജാതി വികസന വകുപ്പിലേക്ക് കൈമാറി ലഭിക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |
| (സി) | ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**